**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1606** **05-07-2022 - ൽ മറുപടിയ്ക്ക്**

**നാളികേരത്തിന്റെ വിപണിവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | നാളികേരത്തിന്റെ വിപണിവില അടിസ്ഥാന വിലയേക്കാൾ കുറവുള്ളത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ; | (എ) | സാമ്പത്തിക വിവര ശേഖരണ വകുപ്പിന്റെ (DES) കണക്കുപ്രകാരം തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട്, തിരുവനന്തപുരം എന്നീ വിപണികളിലും, കൊല്ലം ജില്ലയിൽ കൊല്ലം വിപണി, ആലപ്പുഴ ജില്ലയിൽ കായംകുളം, കുട്ടനാട് (പുളിങ്കുന്ന്) വിപണികളിലും, കോട്ടയം ജില്ലയിൽ കോട്ടയം വിപണി, തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ, തൃശ്ശൂർ വിപണികളിലും, പാലക്കാട് ജില്ലയിൽ പാലക്കാട് വിപണി, മലപ്പുറം ജില്ലയിൽ പൊന്നാനി, കോഴിക്കോട് ജില്ലയിൽ കോഴിക്കോട് വിപണി, വയനാട് ജില്ലയിൽ മാനന്തവാടി, കണ്ണൂർ ജില്ലയിൽ കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ വിപണികളിലും, കാസറഗോഡ് ജില്ലയിൽ കാസറഗോഡ് വിപണിയിലും ആണ് നിലവിൽ നാളികേരത്തിന്റെ വിപണിവില അടിസ്ഥാന വിലയായ കിലോഗ്രാമിന് 32/- രൂപയേക്കാൾ കുറവുള്ളത്. |
| (ബി) | ഈ ജില്ലകളിൽ നാളികേരസംഭരണം തുടങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര കേന്ദ്രങ്ങൾ വഴിയാണ് സംഭരണം തുടങ്ങിയതെന്ന് വ്യക്തമാക്കാമോ; | (ബി) | കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ കേരഫെഡിന്റെ നേതൃത്വത്തിൽ പച്ചത്തേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ആദ്യ ഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന 5 കേന്ദ്രങ്ങളിൽ ആരംഭിച്ചു. തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, മലപ്പുറം ജില്ലയിൽ പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് നാളികേര പ്രോസസ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റിവ് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നിവിടങ്ങളിലാണ് കേരഫെഡ് നാളികേര സംഭരണകേന്ദ്രങ്ങൾ ആരംഭിച്ച് നേരിട്ട് പച്ചത്തേങ്ങ സംഭരിച്ചിരുന്നത്. പച്ചതേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി മേൽ സൂചിപ്പിച്ച കേന്ദ്രങ്ങൾ കൂടാതെ കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ടും, വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് |

<table>
<tr><td></td><td></td><td></td><td>കൈമാറുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിൽ 15 സ്വാശ്രയ കർഷക സംഘങ്ങൾ വഴിയും, മലപ്പുറം ജില്ലയിൽ 11 സ്വാശ്രയ കർഷക സംഘങ്ങൾ വഴിയും, കോഴിക്കോട് ജില്ലയിൽ 10 സ്വാശ്രയ കർഷക സംഘങ്ങൾ വഴിയും ആണ് VFPCK പച്ചത്തേങ്ങ സംഭരിക്കുന്നത് . ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിലാണ് പച്ചത്തേങ്ങ സംഭരണം നടത്തുന്നത്.</td></tr>
<tr><td>(സി)</td><td>സംഭരണ കാര്യത്തിൽ സഹകരണ സംഘങ്ങളുടെ സഹായം തേടിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; ഇല്ലെങ്കിൽ ഒഴിവാക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>പച്ചത്തേങ്ങ സംഭരണത്തിൽ സഹകരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടില്ല. കണ്ണൂർ ജില്ല യിലെ ചിറ്റാരിപ്പറമ്പ് സർവീസ് സഹകരണ ബാങ്ക്, കോളരി സർവീസ് സഹകരണ ബാങ്ക്, മൊകേരി സർവീസ് സഹകരണ ബാങ്ക്, മുഴപ്പിലങ്ങാട് സർവീസ് സഹകരണ ബാങ്ക്, ചെറുതാഴം സർവീസ് സഹകരണ ബാങ്ക്, കാസർകോഡ് ജില്ലയിലെ ബേ ഡഡ്ക്ക FSCB, നീലേശ്വരം അഗ്രികൾച്ചറൽ വെൽഫെയർ കോപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി, കോഴിക്കോട് ജില്ലയിലെ ഏറമല സർവീസ് സഹകരണ സംഘം, പേരാമ്പ്ര വനിതാ സഹകരണ സംഘം, വടകര താലൂക്ക് പ്രൈമറി കോഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി എന്നിവയിലൂടെ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്</td></tr>
<tr><td>(ഡി)</td><td>പച്ചത്തേങ്ങയുടെ ഇപ്പോഴത്തെ വിപണിവില എത്രയാണെന്നും സർക്കാർ പ്രഖ്യാപിച്ച സംഭരണ വില എത്രയാണെന്നും വ്യക്തമാക്കാമോ?</td><td>(ഡി)</td><td>എക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 27.06.2022-ന് പ്രസിദ്ധീകരിച്ച തൊണ്ടു കളഞ്ഞ നാളികേരത്തിന്റെ വില ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>വിപണിയുടെ പേര്</th><th>വില (രൂപ/ ക്വിന്റലിന്)</th></tr>
<tr><td>1</td><td>നെടുമങ്ങാട്</td><td>3100</td></tr>
<tr><td>2</td><td>കായംകുളം</td><td>2600</td></tr>
<tr><td>3</td><td>കുട്ടനാട് (പുളിങ്കുന്ന്)</td><td>2600</td></tr>
<tr><td>4</td><td>തൃശ്ശൂർ</td><td>2800</td></tr>
<tr><td>5</td><td>മാനന്തവാടി</td><td>2600</td></tr>
<tr><td>6</td><td>കണ്ണൂർ</td><td>2400</td></tr>
<tr><td>7</td><td>തലശ്ശേരി</td><td>2600</td></tr>
<tr><td>8</td><td>തളിപ്പറമ്പ</td><td>2600</td></tr>
<tr><td>9</td><td>കാസറഗോഡ്</td><td>2800</td></tr>
<tr><td>10</td><td>തിരുവനന്തപുരം</td><td>2800</td></tr>
<tr><td>11</td><td>നെയ്യാറ്റിൻകര</td><td>3600</td></tr>
<tr><td></td><td></td><td></td></tr>
</table>
</td></tr>
</table>

| | | |
|---|---|---|
| 12 | കൊല്ലം | 2800 |
| 13 | തിരുവല്ല | 3200 |
| 14 | കോട്ടയം | 2800 |
| 15 | കൊടുങ്ങല്ലൂർ (കോട്ടപ്പുറം) | 3100 |
| 16 | പാലക്കാട് | 2700 |
| 17 | പൊന്നാനി | 2500 |
| 18 | കോഴിക്കോട് | 2650 |

സർക്കാർ പ്രഖ്യാപിച്ച പച്ചത്തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32 രൂപയാണ്.

സെക്ഷൻ ഓഫീസർ